ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. മദ്യത്തിൽനിന്നും ലഭിക്കുന്ന വരുമാനത്തെ സർക്കാർ ഒരു പ്രധാന റവന്യൂ വരുമാനമായി കാണുന്നില്ല. മറിച്ച് മദ്യത്തിൽനിന്നും പൊതുസമൂഹത്തെ, പ്രത്യേകിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും രക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ ഇത്തരം കർശനമായ നടപടി സ്വീകരിച്ചത്.

ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ

51(5636) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട് ലെറ്റുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളൊന്നും പുതുതായി അനുവദിച്ചിട്ടില്ല.

മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ

52(5637) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പിന് കീഴിലുള്ള ലൈസൻസ് സ്ഥാപനങ്ങളിൽകൂടി വിൽക്കുന്ന മദ്യം ഉടനടി പരിശോധന നടത്തി ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുക, കള്ള്/മദ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൽസമയം പരിശോധിക്കുന്നതിലൂടെ മദ്യത്തിൽ മായം ചേർക്കൽ, കള്ള്/മദ്യത്തിന്റെ വ്യാപനം എന്നിവ തടയൽ, മായം ചേർന്ന മദ്യം വിൽക്കുന്ന ലൈസൻസികൾക്കെതിരെ അടിയന്തര നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് തെക്കൻ മേഖലക്കായി ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് ആരംഭിക്കുകയും ആയതിലേക്കായി ഒരു ലാബ് അസിസ്റ്റന്റിനെയും ഒരു ജൂനിയർ സയന്റിഫിക്ക് ഓഫീസറുടെയും തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. ടി ലാബ് നിലവിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷം എറണാകുളം ജില്ല കേന്ദ്രീകരിച്ച് മധ്യമേഖലയിലും കോഴിക്കോട് ജില്ല കേന്ദ്രീകരിച്ച് ഉത്തരമേഖലയിലും സമാനമായ ഓരോ ലാബ് തുടങ്ങുന്നതിന് പ്ലാൻ ഫണ്ടിൽ 50 ലക്ഷം രൂപ (മധ്യമേഖലയ്ക്കുവേണ്ടി വാങ്ങിയ മിനി ബസിന്റെ ഫാബ്രിക്കേഷൻ വർക്കിനും കെമിക്കൽ വാങ്ങുന്നതിനുമായി 29 ലക്ഷം രൂപയും കോഴിക്കോട് കേന്ദ്രീകരിച്ച് ഉത്തരമേഖലയ്ക്ക് വേണ്ടി ലാബ് ആരംഭിക്കുന്നതിന് മിനി ബസ് വാങ്ങുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 21 ലക്ഷം രൂപയും) വകയിരുത്തുകയും ടി തുക ഉപയോഗപ്പെടുത്തി മധ്യമേഖല കേന്ദ്രീകരിച്ചുള്ള ഒരു മൊബൈൽ ലാബിന്റെ സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ആയതിലേക്ക് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ ഉത്തരമേഖല കേന്ദ്രീകരിച്ചുള്ള മൊബൈൽ ലാബിനുവേണ്ടി ഒരു മിനി ബസ് വാങ്ങിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം (2015-16) കോഴിക്കോട് ജില്ല കേന്ദ്രീകരിച്ച് വടക്കൻമേഖലയ്ക്കായി ഒരു മൊബൈൽ ലാബ് സജ്ജീകരിക്കുന്നതിന് വേണ്ടി വാങ്ങിയ മിനി ബസിന്റെ ഫാബ്രിക്കേഷൻ വർക്കിനും അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സ്പിരിറ്റ് കടത്ത്

53(5638) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പിരിറ്റ് കടത്തിയതുമായി ബന്ധപ്പെട്ട എത്ര അബ്കാരി കേസുകൾ 1-7-2011 മുതൽ 30-6-2015 വരെ രജിസ്റ്റർ ചെയ്തുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഓണം സീസണിൽ വ്യാജ വിദേശമദ്യ നിർമ്മാണവും വിപണനവും തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?